حُسْنُ الظَّنِّ بِاللهِ

# اللّٰهُ വിലുള്ള തെറ്റായ ധാരണകൾ വെടിയുക; തൗഹീദിനെ സംരക്ഷിക്കുക.

അബൂ അബ്ദില്ലാഹ് മിഖ്ദാദ് അൽ ഹിന്ദി
غفر الله له ولوالديه

www.uloomussunnah.com

بسم الله الرحمن الرحيم

يقول الله سبحانه وتعالى في كتابه الكريم؛
{ يَظُنُّونَ بِاللَّهِ غَيْرَ الْحَقِّ ظَنَّ الْجَاهِلِيَّةِ } [سورة آل عمران:١٥٤]

ഉഹ്ദ് യുദ്ധത്തിൽ റസൂൽ ﷺ യുടെ കൽപന ലംഘിച്ചതിന്റെ ഫലമായി മുസ്‌ലിം സൈന്യത്തിന്റെ മേൽ മുശ്രിക്കുകളുടെ മേൽകോയ്മ ഉണ്ടായപ്പോൾ മുനാഫിക്കുകൾക്ക് അള്ളാഹുവിലുണ്ടായ തെറ്റായ ധാരണകളെ പഴിക്കുകയാണ് ഇവിടെ;

قال ابن القيم رحمه الله في (زاد المعاد):
" فسر هذا الظن بأنه سبحانه لا ينصر رسوله، وأن أمره سيضمحل، وفسر بأن ما أصابه لم يكن بقدر الله وحكمته. ففسر بإنكار الحكمة وإنكار القدر وإنكار أن يتم أمر رسوله صلى الله عليه وسلم وأن يظهره على الدين كله.وهذا هو ظن السوء الذي ظنه المنافقون والمشركون في سورة الفتح.وإنما كان هذا ظن السوء؛ لأنه ظن غير ما يليق به سبحانه، وما يليق بحكمته وحمده ووعده الصادق.
فمن ظن أنه يديل الباطل على الحق إدالة مستقرة يضمحل معها الحق، أو أنكر أن يكون ما جرى بقضائه وقدره، أو أنكر أن يكون قدره لحكمة بالغة يستحق عليها الحمد، بل زعم أن ذلك لمشيئة مجردة؛ فذلك ظن الذين كفروا، فويل للذين كفروا من النار.

ഇബ്ൻ അൽ ഖയ്യിം (رحمه الله) പറയുന്നു;

'മുനാഫിക്കുകളുടെ അള്ളാഹുവിലുള്ള ഈ ധാരണ (അതിന്റെ തഫ് സീർ); അള്ളാഹു അവന്റെ റസൂലിനെ സഹായിക്കില്ല, റസൂലിനെ അയക്കപ്പെട്ടത് എന്തിനു വേണ്ടിയാണോ ആ ദൗത്യം പൂർത്തിയാകില്ല എന്നും, ഇസ്‌ലാമിന്റെയും റസൂലിന്റെയും കാര്യം ഇവിടെ അവസാനിച്ചു എന്നും, അവർക്ക് സംഭവിച്ചതിൽ അള്ളാഹുവിന്റെ ഖദറിലും ഹിക് മത്തിലുമുള്ള തെറ്റായ ധാരണ; എന്നിങ്ങനെയാണ് വിശദീകരിക്കപ്പെട്ടത്.

അള്ളാഹുവിലുള്ള മുനാഫിക്കുകളുടെ ഈ ധാരണയെയാണ് സൂറതുൽ ഫത്ഹിൽ തെറ്റായ ധാരണയായി അള്ളാഹു വിശേഷിപ്പിച്ചത്. കാരണം അത് അള്ളാഹുവിന്റെ സ്തുതിക്കും, ഹിക് മത്തിനും, സത്യവാഗ്ദാനത്തിനും നിരക്കുന്നതല്ല.

{وَظَنَنتُمْ ظَنَّ السَّوْءِ} [الفتح: ٦]

അതുകൊണ്ട് ആരെങ്കിലും ധരിച്ചുപോയാൽ; തീർച്ചയായും ബാത്തില് ഹഖിനെ എന്നെന്നേക്കുമായി കീഴടക്കുമെന്നും ഹഖ് പൂർണമായും തുടച്ചു നീക്കപ്പെടുമെന്നും അതിന് ഒരു രീതിയിലുള്ള ശേഷിപ്പും ബാക്കിയാവില്ല എന്നും; അല്ലെങ്കിൽ അള്ളാഹുവിന്റെ ഖളാഇനും ഖദറിനും അനുസരിച്ച് നടന്ന കാര്യത്തെ നിഷേധിച്ചാലും, അല്ലെങ്കിൽ; സ്തുതി അർഹിക്കുന്ന ആള്ളാഹുവിന്റെ ഉന്നതമായ ഹിക്മത്തിനെ നിഷേധിക്കുകയും അതിൽ പ്രത്യേഗിച്ച് കഴമ്പൊന്നുമില്ലെന്ന് വാദിക്കുകയും ചെയ്താൽ; അത് കുഫ്ഫാറുകളുടെ ധാരണയിൽ പെട്ടതാണ്, അവർക്ക് മഹാനാശമായ നരക ശിക്ഷയാണെന്നാണ് അള്ളാഹു താക്കീത് നൽകുന്നത്.'

{ذَلِكَ ظَنُّ الَّذِينَ كَفَرُوا فَوَيْلٌ لِّلَّذِينَ كَفَرُوا مِنَ النَّارِ} [سورة ص:٢٧]

ഷൈഖ് ഫൗസാൻ (رحمه الله) പറയുന്നു;

ഈ ആയത്തിൽ പറഞ്ഞ അള്ളാഹുവിലുള്ള തെറ്റായധാരണ; അതിന് മൂന്ന് വിഷദീകരണമാണ്;

1 - അള്ളാഹുവിന്റെ പ്രവർത്തികളിലുള്ള ഹിക്മതിനെ നിഷേധിക്കുക, അത് കുഫ്റും വഴികേടുമാണ്.

2 - അള്ളാഹുവിന്റെ ഖദറിനെ നിഷേധിക്കുക, അതും കുഫ്റാണ് ; കാരണം അത് ഈമാൻ കാര്യത്തിലെ  ആറാമത്തെ കാര്യമാണ്.

3 - അള്ളാഹു അവന്റെ റസൂലിനെ സഹായിക്കില്ല എന്നത്; അത് കുർആനിനെ കളവാക്കലാണ്.

അള്ളാഹു പറയുന്നു:

{إِنَّا لَنَنْصُرُ رُسُلَنَا وَالَّذِينَ آمَنُوا فِي الْحَيَاةِ الدُّنْيَا وَيَوْمَ يَقُومُ الْأَشْهَادُ} [غافر:٥١]

ഷൈഖ് ഉഥൈമീൻ (رحمه الله) പറയുന്നു:

'അള്ളാഹുവിലുള്ള ഈ തരത്തിലുള്ള തെറ്റായ ധാരണകൾ; അത് അവന്റെ പരിപാലന രക്ഷാകർത്തൃത്വത്തിലും (الربوبية) വിശിഷ്ടമായ നാമവിശേഷണത്തിലും (الأسماء والصفات) വിമർശിക്കലും കുറ്റം പറയലും പോറലേൽപിക്കലുമാണ്.'

അള്ളാഹുവിന്റെ റസൂലുമാർക്കുള്ള സത്യവാഗ്ദാനങ്ങൾ വ്യക്തമാക്കുന്ന ആയത്തുകൾ ഉദ്ധരിച്ച് സാലിഹ് ആലുഷൈഖ്: പറയുന്നു:

قال - جل وعلا -: {إِنَّا لَنَنْصُرُ رُسُلَنَا وَالَّذِينَ آمَنُوا فِي الْحَيَاةِ الدُّنْيَا وَيَوْمَ يَقُومُ الْأَشْهَادُ} [غافر: ٥١] ، وقال - جل وعلا -: {وَلَقَدْ سَبَقَتْ كَلِمَتُنَا لِعِبَادِنَا الْمُرْسَلِينَ - إِنَّهُمْ لَهُمُ الْمَنْصُورُونَ - وَإِنَّ جُنْدَنَا لَهُمُ الْغَالِبُونَ} [الصافات: ١٧١ - ١٧٣]

'ദീനിന്റെ ശത്രുക്കൾ എത്രമാത്രം സൈനികശക്തി ഒരുമിച്ചുകൂട്ടിയാലും അല്ലാഹു തന്റെ ദീനിനെയും, റസൂലിനെയും, മുഅ്മിനീങ്ങളേയും സഹായിക്കും; സംരക്ഷിക്കും.
പക്ഷേ ആ സഹായം വന്നെത്തുന്നതിന് കുറേ കാലമെടുത്തേക്കാം...
അതിൽ നാം പരീക്ഷിക്കപ്പെട്ടേക്കാം; നൂഹ് (عليه السلام) ന്റെ കഥയിൽ പറഞ്ഞത് പോലെ ചിലപ്പോൾ അതിന് നൂറുകണക്കിന് വർഷങ്ങളെടുത്തേക്കാം.

{فَلَبِثَ فِيهِمْ أَلْفَ سَنَةٍ إِلَّا خَمْسِينَ عَامًا} [العنكبوت: ١٤]

അതിനു ശേഷം അദ്ധേഹത്തിന് അല്ലാഹുവിന്റെ സഹായം വന്നെത്തി.'
അതുപോലെത്തന്നെ മൂസാ (عليه السلام) മിന് എപ്പോഴാണ് സഹായം വന്നെത്തുന്നതെന്ന് കാണുക;

فَلَمَّا تَرَاءَى الْجَمْعَانِ قَالَ أَصْحَابُ مُوسَىٰ إِنَّا لَمُدْرَكُونَ قَالَ كَلَّا ۖ إِنَّ مَعِيَ رَبِّي سَيَهْدِين (الشعراء : ٦١-٦٢)

ഫിർഔനിന്റെ സൈന്യം അടുത്തെത്താറായപ്പോഴാണ് അല്ലാഹുവിന്റെ സഹായം വന്നെത്തുന്നത്..!

ശൈഖ് ഇബ്ൻ ബാസ് (رحمه الله) പറയുന്നു;

'വിശ്വാസികളെ അല്ലാഹു പരീക്ഷിക്കുന്നത് അവന്റെ ഹിക്മത്തിൽ പെട്ടതാണ്, അതുപോലെ അത് അല്ലാഹുവിന്റെ വിശിഷ്ടരായ അടിമകൾക്കുള്ള അവന്റെ അനുഗ്രഹം കൂടിയാണ്: അവരെ ശുദ്ധീകരിച്ചെടുക്കാനും, അവരിൽ നിന്ന് ശുഹദാക്കളെ തിരഞ്ഞെടുക്കാനും, അവരുടെ പദവികൾ ഉയർത്താനും അതുപോലെയുള്ള അവന്റെ മറ്റുപല ഹിക്മത്തിലും പെട്ടതാണ്.

എന്തുകൊണ്ടെന്നാൽ; മനുഷ്യർ എല്ലായിപ്പോഴും വിഷമങ്ങളും ബുദ്ധിമുട്ടുകളും ഒന്നും അനുഭവിക്കാതെ നല്ല അവസ്ഥയിൽ മാത്രം കഴിഞ്ഞു പോയാൽ അവർ അഹങ്കാരികളും സ്വന്തം പ്രവർത്തികളിൽ അത്ഭുതം കൂറുന്നവരുമായി മാറിയേക്കാം, അതുപോലെ സ്വന്തം കുറ്റങ്ങളും കുറവുകളും മറക്കുക്കയും സ്വന്തം കഴിവുകൊണ്ടും ശ്രേഷ്ഠതകൊണ്ടുമാണ് അവർക്ക് ഈ അനുഗ്രഹങ്ങളെല്ലാം ലഭിച്ചതെന്ന ധാരണ വന്നേക്കാം; അതുമൂലം നാശത്തിലേക്ക് കൂപ്പുകുത്തിയേക്കാം,എന്നാൽ അല്ലാഹു അവരെ പരീക്ഷിക്കുന്നതിലൂടെ പശ്ചാത്തപിച്ച് മടങ്ങാനും അവന്റെ കോപത്തിൽ നിന്ന് രക്ഷ നേടാനും അവസരം ലഭിക്കുന്നു.'

ശൈഖ് ഉഥൈമീൻ (رحمه الله) പറയുന്നു:

അല്ലാഹുവിന്റെ പ്രവർത്തികളിലോ, ഖദറിലോ, ഹുക്മിലോ ഒരു രീതിയിലുള്ള തിന്മയും ചേർത്തുപറയാൻ പാടില്ല, എന്തിലാണോ അത് സംഭവിക്കുന്നത് അതിലാണ് ആ ദോഷം പ്രകടമാകുക; എന്നാലോ അതിന്റെ പര്യവസാനം സ്തുത്യർഹമായിരിക്കുകയും ചെയ്യും.

ഈ ആയത്തിൽ പറഞ്ഞത് പോലെ;

ظَهَرَ الْفَسَادُ فِي الْبَرِّ وَالْبَحْرِ بِمَا كَسَبَتْ أَيْدِي النَّاسِ لِيُذِيقَهُم بَعْضَ الَّذِي عَمِلُوا لَعَلَّهُمْ يَرْجِعُونَ (الروم:٤١)

'മനുഷ്യരുടെ ദുഷ്പ്രവർത്തികൾ മൂലം കടലിലും കരയിലും ഫസാദ് സംഭവിക്കുകയുണ്ടായി'

എന്നാൽ അതിന്റെ പര്യവസാനമോ; ജനങ്ങൾ തെറ്റുകൾ വെടിഞ്ഞ് തൗബ ചെയ്ത് അല്ലാഹുവിലേക്ക് മടങ്ങുന്നു....

അള്ളാഹുവിന്റെ എല്ലാ പ്രവർത്തികളിലും വലിയ ഹിക്മത്തോടുകൂടിയതാണ് നമ്മുടെ അറിവിന്റെ പരിമിതിമൂലം നാം അത് മനസ്സിലാക്കിയാലും ഇല്ലെങ്കിലും...
(ഖൗൽ അൽ മുഫീദിലെ ഖദർ നിഷേദവുമായി ബന്ധപ്പെട്ട അധ്യായത്തിൽ നിന്ന് സംഗ്രഹിച്ചത്)

وقال ابن القيم رحمه الله في تتمة الكلام؛
وأكثر الناس يظنون بالله ظن السوء فيما يختص بهم، وفيما يفعله بغيرهم، ولا يسلم من ذلك إلا من عرف الله وأسماءه وصفاته وموجب حكمته وحمده.
فليعتن اللبيب الناصح لنفسه بهذا، وليتب إلى الله، وليستغفره من ظنه بربه ظن السوء.
ولو فتشت من فتشت; لرأيت عنده تعنتا على القدر وملامة له، وأنه كان ينبغي أن يكون كذا وكذا، فمستقل ومستكثر، وفتش نفسك; هل أنت سالم؟

<u>അതിപ്രധാനമായ ഒരു വിഷയത്തിലേക്ക് വിരൽചൂണ്ടികൊണ്ട് വളരെ വിലപ്പെട്ട ഒരു നസീഹത്തോടുകൂടി ഇബ്ൻ അൽ ഖയ്യിം (رحمه الله) തന്റെ വാക്കുകൾക്ക് ഇവിടെ വിരാമം കുറിക്കുന്നു.</u>

'അള്ളാഹുവിനെയും അവന്റെ; ഹിക്മത്ത് കൂടിച്ചേർന്ന സ്തുതി അർഹിക്കുന്ന വിശിഷ്ടമായ നാമവിശേഷണങ്ങളെയും അറിഞ്ഞവരൊഴികെ അധികം പേരും അള്ളാഹുവിൽ തെറ്റായ ധാരണ വെച്ചുപുലർത്തുന്നവരാണ്.
അതുകൊണ്ട് സ്വന്തത്തിൽ നന്മ ആഗ്രഹിക്കുന്ന ബുദ്ധിമാന്മാർ ഈ വിഷയം ശ്രദ്ധിക്കുക;
അള്ളാഹുവിലുണ്ടായ തെറ്റായ ധാരണകൾക്ക്; അവനിലേക്ക് ഖേദിച്ച് മടങ്ങി പാപമോചനം തേടുക.
നന്നായൊന്ന് ചികഞ്ഞ് നോക്കിയാൽ നിന്നിൽ നിനക്ക് അള്ളാഹുവിന്റെ ഖദറിലുള്ള തർക്കവും പഴിപറയലും കാണാൻ സാധിക്കും.
(ഉദ്ധേശത്തിന് വിരുദ്ധമായി എന്തെങ്കിലും സംഭവിച്ചാൽ; അള്ളാഹുവിന്റെ ഖളാഇലും ഖദറിലും അതൃപ്തി കാണിച്ച്) കാര്യങ്ങൾ ഇങ്ങിനിങ്ങിനെയൊക്കെ ആണ് ആകേണ്ടിയിരുന്നത്...
എന്നു പറയുന്നത് കാണാൻ സാധിക്കും.

സ്വന്തത്തിൽ നന്നായി ചികഞ്ഞ് നോക്കുക; (അല്ലാഹുവിലുള്ള തെറ്റായ ധാരണ വെക്കുന്നതിൽ നിന്ന്) നീ പൂർണ്ണമായും മോചിതനാണോ....?!'
അല്ലാഹുവിലുള്ള തെറ്റായ ധാരണ വളരെ അപകടകരമാണ്:
അത് നമ്മുടെ തൗഹീദിനെ പൂർണമായോ ഭാഗികമായോ നശിപ്പിച്ചേക്കാം.
അതുകൊണ്ടാണ് ശൈഖ് മുഹമ്മദ് ഇബ്ൻ അബ്ദുൽ വഹാബ് (رحمه الله) തന്റെ മഹത്തായ ഗ്രന്ഥമായ കിതാബ് അത്തൗഹീദിൽ ഈ വിഷയത്തിൽ ഒരു അധ്യായം തന്നെ ചേർത്തത്.

അല്ലാഹു (سبحانه وتعالى) ഓരോ കാലഘട്ടത്തിലും തന്റെ ദീനിനെ അതിന്റെ പൂർണമായ രീതിയിൽ പ്രതിനിധീകരിക്കുന്ന വ്യക്തികളേയും സ്ഥലങ്ങളേയും തിരഞ്ഞെടുത്തിട്ടുണ്ട്; അങ്ങിനെയുള്ള സ്ഥലങ്ങളിലും വ്യക്തികളിലും അല്ലാഹു മുൻ കൂട്ടി അവന്റെ (قضاء الكوني) യിൽ നിശ്ചയിച്ച പരീക്ഷണങ്ങളെ പഴി പറയുന്നവരാകരുത് നമ്മൾ. അതിൽ തെറ്റായ ധാരണ വെച്ചാലുണ്ടാകുന്ന ദോഷം എത്രമാത്രമാണെന്ന് നാം മനസ്സിലാക്കിയതാണ്.

അല്ലാഹു തിരഞ്ഞെടുത്ത കാര്യങ്ങൾ അവൻ ഏറ്റവും നല്ലരീതിയിൽ പൂർത്തീകരിക്കുക തന്നെ ചെയ്യും. അല്ലാഹുവിൽ ശുഭപ്രതീക്ഷ വെക്കുക...

കാര്യങ്ങൾ അല്ലാഹുവിലേക്ക് മടക്കുക; നാം ഇഹപര വിജയത്തിന് ഉപകരിക്കുന്ന കാര്യങ്ങളിൽ വ്യാപ്രുതരാകുക.

സന്ദർഭോചിതമായി ഈ വിഷയത്തിലേക്കുള്ള ഒരു വിരൽചൂണ്ടൽ മാത്രമാണ് ഇവിടെ ഉദ്ധേഷിച്ചത്. തൗഹീദ്, അഖീദ വിഷയങ്ങളിൽ നാം കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടതുണ്ട്.

نسأل الله التوفيق
سبحانك اللهم وبحمدك أشهد أن لا إله إلا أنت أستغفرك وأتوب إليك.

مقداد بن علي بن محمد
ربيع الأول-٢٣-١٤٤٣
مسجد السنة بقرية العمود-مأرب

www.uloomussunnah.com
T.me/uloomussunnah
T.me/durarsalafiyya